ARCHEPARCHY OF CHANGANACHERRY

CHANCELLOR

Archbishop House
Changanacherry - 686 101
Kottayam Kerala, India

# FR. THOMAS (SONY) THEKKUMMURIYIL

| | |
|---|---|
| Date of Birth: | 14.01.1967 |
| Date of Ordination: | 01.05.1993 |
| Conferred By: | Mar Joseph Powathil |
| Father: | Mathew Joseph |
| Mother: | Pennamma Mathew |
| Native Parish: | St. Joseph's, Chennamkary |

**Seminaries**

St. Thomas Minor Seminary Kurichy [Minor Seminary]

St. Joseph's Seminary Mangalore [Major Seminary - Philosophy]

St Joseph's Seminary Mangalore [Major Seminary - Theology]

**Ministries**

| | |
|---|---|
| St. Mathews Church, Kottackapura | 08.06.2023 - 06.06.2026 |
| Lourdes Matha Church, Aruvikuzhy | 08.06.2022 - 08.06.2023 |
| Lourdes Matha Church, Thazhathuvadakara | 28.05.2019 - 08.06.2022 |
| Lourdes Matha Church, Mammood | 10.02.2015 - 28.05.2019 |
| St. Francis Assissi Church, Poonthoppe | 22.02.2011 - 10.02.2015 |
| Saudi Arabia, Pravasi Mission | 29.12.2009 - 22.02.2011 |
| St. Thomas Church, Vadavathoor | 31.12.2007 - 29.12.2009 |
| Sacred Heart Church, Thazhathangady | 30.05.2006 - 23.02.2007 |
| St. George's Church, Aikkarachira | 08.07.2003 - 30.05.2006 |
| St. Francis De Sales Church, Kiliroor | 15.02.2000 - 08.07.2003 |
| Deivamatha Church, Pampady | 23.06.1998 - 15.02.2000 |
| St. Xavier's Church, Puthukary | 08.02.1996 - 23.06.1998 |
| Holy Family Church, Kizhakke Mithrakary | 08.02.1996 - 23.06.1998 |
| St. Mary's Metro. Church, Changanacherry (Asst.) | 19.05.1994 - 08.02.1996 |
| St. Xavier's Forane Church, Thrickodithanam (Asst.) | 16.06.1993 - 19.05.1994 |

Tel. 0481 - 2420040, 2420379, 9037440040; E-mail: chancellorchry@gmail.com

ARCHEPARCHY OF CHANGANACHERRY

CHANCELLOR

Archbishop House
Changanacherry - 686 101
Kottayam Kerala, India

ചേന്നങ്കരി സെന്റ് ജോസഫ് ഇടവകയിൽ തെക്കുംമുറിയിൽ മാത്യു - പെണ്ണമ്മ ദമ്പതികളുടെ മകനായി 1967 ജനുവരി 14-ന് ആയിരുന്നു ബഹു. തെക്കുംമുറിയിൽ തോമസ് (സോണി) അച്ചന്റെ ജനനം. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കുറിച്ചി മൈനർ സെമിനാരിയിലും മാംഗ്ലൂർ സെന്റ് ജോസഫ് സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കി, 1993 മെയ് 1-ന് അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ കൈവയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് പള്ളിയിലും ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലും അസ്തേന്തിയായും കിഴക്കേമിത്രക്കരി ഹോളി ഫാമിലി പള്ളി മുതൽ കോട്ടയ്ക്കുപുറം സെന്റ് മാത്യൂസ് പള്ളി വരെ പന്ത്രണ്ടു പള്ളികളിൽ വികാരിയായും ബഹു. അച്ചൻ ശുശ്രൂഷചെയ്തു.

ഉത്തമ സഭാസ്നേഹിയും ഉത്സാഹിയും തീക്ഷണമതിയുമായ ഒരു നല്ല അജപാലകനായിരുന്നു തെക്കുംമുറിയിൽ ബഹു. തോമസച്ചൻ. നല്ലൊരു ധ്യനപ്രസംഗകൻ എന്നനിലയിൽ അതിരൂപതയ്ക്ക് അകത്തും പുറത്തുമായി ഒരുപാടു പള്ളികളിൽ ദൈവജനത്തെ ആത്മീയമായി വളർത്തി. അച്ചന്റെ ആത്മീയതയും പാണ്ഡിത്യം അച്ചന്റെ വചനപ്രഘോഷണങ്ങളിൽ ഒരുമിച്ചുചേർന്നിരുന്നു. ഇടവകജനത്തെ പേരുചൊല്ലി വിളിക്കാൻ സാധിക്കുന്ന വികാരിയായിരുന്ന ബഹു. തോമസച്ചൻ. ജനത്തിന്റെ ആത്മീയ കാര്യങ്ങൾക്കൊപ്പം അവരുടെ സങ്കടങ്ങളിൽ ആശ്വാസമായും അച്ചന്റെ സാന്നിധ്യം ഉണ്ടായിരുന്നു. ശുശ്രൂഷചെയ്ത ഓരോ ഇടവകയിലെയും ജനത്തെ 'ഇടവക' എന്ന ബോധ്യത്തിൽ ബഹു. തോമസച്ചൻ വളർത്തി. അതുകൊണ്ടുതന്നെ അച്ചൻ ശുശ്രൂഷചെയ്ത പള്ളികളിലെ ദൈവജനം വലിയ താല്പര്യത്തോടെ കൂദാശകൾ സ്വീകരിച്ചിരുന്നു.

അച്ചന്റെ ശുശ്രൂഷകളിൽ പള്ളികൾ നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്തിരുന്നുവെന്നത് ശ്രദ്ധേയമാണ്. പള്ളിനിർമ്മാണവും നവീകരണവും, കേവലം പള്ളിക്കെട്ടിടത്തിന്റെ നിർമ്മാണമെന്നതിനേക്കാൾ, ഇടവകജനത്തെ രൂപീകരിക്കുന്നതനുള്ള അവസരമാക്കി ബഹു. അച്ചൻ മാറ്റി. പൂന്തോപ്പ് സെന്റ് ഫ്രാൻസീസ് അസ്സീസി പള്ളിയുടെ നവീകരണവും, മാമ്മൂട് ലൂർദ്ദ് മാതാ പള്ളിയുടെ നിർമ്മാണവും, വടവാതൂർ സെന്റ് തോമസ് പള്ളിയുടെ നിർമ്മാണത്തിന് ആരംഭം കുറിച്ചതുമൊക്കെ ഇതിന്റെ മനോഹരമായ സാക്ഷ്യങ്ങളാണ്. ഉയർന്നുവരുന്ന പള്ളിക്കൊപ്പം ഇടവകജനവും ആത്മീയമായി ഉയർന്നുവന്നു.

Tel. 0481 - 2420040, 2420379, 9037440040; E-mail: chancellorchry@gmail.com

# ARCHEPARCHY OF CHANGANACHERRY

CHANCELLOR

Archbishop House
Changanacherry - 686 101
Kottayam Kerala, India


ചങ്ങനാശേരി അതിരൂപത ഹൈദ്രബാദിൽ അജപാലനശുശ്രൂഷകൾ ആരംഭിച്ചപ്പോൾ അവിടെയുള്ള പല മിഷൻ സ്റ്റേഷനുകളിലും ബഹു. അച്ചൻ ധ്യാനം നയിച്ചത് ആ സമൂഹങ്ങൾക്ക് നല്ല സഭാത്മക അടിത്തറ നല്കുവാൻ സഹായിച്ചിട്ടുണ്ട്. മുൻഗാമികൾ ഇല്ലാതിരുന്ന സൗദി അറേബ്യൻ മിഷനിൽ ആദ്യമായി ശുശ്രൂഷയ്ക്കു തയ്യാറായത് ബഹു. അച്ചന്റെ പ്രേഷിതതീക്ഷ്ണതയുടെ തെളിവാണ്. സഹവൈദികരോട്, പ്രത്യേകിച്ച് കൂടെ ശുശ്രൂഷചെയ്യുന്ന കൊച്ചച്ചൻമാരോട് വലിയ സ്നേഹവും വലിപ്പചെറുപ്പമില്ലാതെ ബഹുമാനവും പ്രകടിപ്പിച്ചു. കൊച്ചച്ചൻമാരെ ഉത്തരവാദിത്തങ്ങൾ ഏല്പിക്കുകയും ഏറെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് നല്ല പരിശീലനം നല്കി.

From the Archeparchial Chancery, Changanacherry
June 06, 2026


Tel. 0481 - 2420040, 2420379, 9037440040; E-mail: chancellorchry@gmail.com